(ബി) പ്രസ്തുത ഇനത്തിൽ സർക്കാർ എന്തു തുകയ്ക്കുള്ള സ്റ്റേ അനുവദിച്ചിട്ടുണ്ട്;

(സി) അഞ്ചു ലക്ഷത്തിന്മേൽ കുടിശ്ശികയ്ക്ക് സ്റ്റേ നൽകിയിട്ടുള്ള എത്ര കേസുകൾ നിലവിൽ ഉണ്ട്;

(ഡി) ജനങ്ങളിൽ നിന്നും പിരിച്ചെടുക്കുന്ന നികുതി യഥാസമയം സർക്കാരിലേക്ക് അടയ്ക്കാത്തതു സംബന്ധിച്ച പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) എങ്കിൽ ഇപ്രകാരം പിരിച്ചെടുത്ത തുക അടയ്ക്കാത്തവരുടെമേൽ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) വിൽപ്പന നികുതി ഇനത്തിൽ 2004 ഡിസംബർ 31 വരെ 2702.31 കോടി രൂപ പിരിഞ്ഞു കിട്ടാനുണ്ട്.

(ബി) 2004 ഡിസംബർ 31 വരെ പിരിഞ്ഞുകിട്ടാനുള്ള വിൽപ്പന നികുതി കുടിശ്ശികയിൽ 184.71 കോടി രൂപയ്ക്ക് സർക്കാർ സ്റ്റേ അനുവദിച്ചിട്ടുണ്ട്.

(സി) വിവരം ശേഖരിച്ചുവരുന്നു.

(ഡി ആന്റ് ഇ) ജനങ്ങളിൽ നിന്നും പിരിച്ചെടുക്കുന്ന നികുതി യഥാസമയം സർക്കാരിലേക്ക് അടയ്ക്കാത്തവരുടെ സ്ഥിതി വിവരം ശേഖരിച്ചശേഷം വേണ്ടി വന്നാൽ നിയമപ്രകാരമുള്ള പിഴയും പലിശയും ചുമത്തി പിരിച്ചെടുക്കാൻ നടപടി സ്വീകരിക്കുന്നതാണ്.

ബഡ്ജറ്റിൽ വിഭാവന ചെയ്തിരുന്ന നികുതി വരുമാനം

23 [198] ശ്രീ. രാജു എബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2002-03, 2003-04, 2004-05 വർഷങ്ങളിലെ ബഡ്ജറ്റിൽ വിഭാവന ചെയ്തിരുന്ന നികുതി വരുമാനം എത്രയാണെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിൽ എത്ര തുക സമാഹരിക്കാൻ കഴിഞ്ഞു; ബഡ്ജറ്റിൽ വിഭാവന ചെയ്തതിൽ എത്ര തുക കുറവായിരുന്നു ലഭ്യത എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 2002-03, 2003-04, 2004-05 വർഷങ്ങളിലെ ബഡ്ജറ്റിൽ വിഭാവന ചെയ്തിരുന്ന മൊത്തം നികുതി വരുമാനം താഴെപ്പറയും പ്രകാരമാണ്:

വർഷം	*നികുതി വരുമാനം (രൂപ കോടിയിൽ)*
2002-2003	9645.33
2003-2004	10633.92
2004-2005	11873.21

LIBRARY ARCHIVES Kerala Legislative Assembly

(ബി) സമാഹരിക്കാൻ കഴിഞ്ഞ തുക ബഡ്ജറ്റിൽ വിഭാവന ചെയ്തതിൽ നിന്നുള്ള കുറവ് എന്നിവ താഴെപ്പറയും പ്രകാരമാണ്:

(രൂപ കോടിയിൽ)

വർഷം	*സമാഹരിച്ച തുക*	*ബഡ്ജറ്റിൽ വിഭാവന ചെയ്തതിൽ നിന്നുള്ള കുറവ്*
2002-2003	9017.76	627.57
2003-2004	10100.78	533.14
2004-2005	കണക്കുകൾ പൂർത്തിയായിട്ടില്ല.	

LIBRARY ARCHIVES Kerala Legislative Assembly

പെട്രോളിയം ഉൽപ്പന്നങ്ങളുടെ നികുതിയിനത്തിൽ ലഭിച്ച അധിക വരുമാനം

24 [199] ശ്രീ. കെ. പി. രാജേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പെട്രോളിയം ഉൽപ്പന്നങ്ങൾക്കും പാചകവാതകത്തിനും ചുമത്തിയിട്ടുള്ള വിൽപ്പന നികുതി, പ്രവേശന നികുതി എന്നിവ എത്ര ശതമാനമാണ് എന്ന് വ്യക്തമാക്കാമോ;

(ബി) 2001 മേയ് മാസം മുതൽ ഇതുവരെ പെട്രോൾ, ഡീസൽ, പാചക വാതകം എന്നിവയ്ക്ക് എത്ര പ്രാവിശ്യം വില വർദ്ധനവുണ്ടായി; ഈ വർദ്ധനവിലൂടെ സംസ്ഥാന സർക്കാരിന് ലഭിച്ച അധിക വരുമാനം എത്രയെന്ന് വ്യക്തമാക്കാമോ;

(സി) വില വർദ്ധനവുമൂലം ബുദ്ധിമുട്ടുന്ന ജനങ്ങളെ സഹായിക്കുവാൻ സംസ്ഥാന സർക്കാരിന് എന്തെങ്കിലും നടപടി സ്വീകരിക്കുവാൻ കഴിയുമോ;

(ഡി) പെട്രോളിയം ഉൽപ്പന്നങ്ങൾ വഴി കേന്ദ്ര സർക്കാരിന് ലഭിക്കുന്ന വരുമാനത്തിൽ നിന്ന് സംസ്ഥാനത്തിന് ലഭിക്കുന്ന സംഖ്യ എത്രയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) അനുബന്ധമായി ചേർത്തിരിക്കുന്നു.†

(ബി) 2001 മേയ് മാസം മുതൽ ഇതുവരെ പെട്രോളിന് 20 പ്രാവിശ്യം വില വർദ്ധിപ്പിക്കുകയും 13 പ്രാവിശ്യം വില കുറയ്ക്കുകയും ചെയ്തു. പാചകവാതകത്തിന്റെ വില വർദ്ധനവ് സംബന്ധിച്ച വിവരം ശേഖരിച്ചുവരുന്നു. വില വർദ്ധനവിലൂടെ സംസ്ഥാന സർക്കാരിനു ലഭിച്ച അധിക വരുമാന വിവരങ്ങൾ ശേഖരിച്ചു നൽകുന്നതാണ്.

(സി) ഇക്കാര്യം ഇപ്പോൾ പരിഗണനയിലില്ല.

(ഡി) വിവരം ശേഖരിച്ചുവരുന്നു.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.